ക്ലാസ്സ്
12

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക്	80
പാർട്ട് 1	60
പാർട്ട് 2	20
സമയം	2 മണിക്കൂർ

പാർട്ട് 1

ഒറ്റവാക്കിൽ ഉത്തരമെഴുതുക. **5×1=5**

1. ക്രിസ്തീയ പ്രത്യാശയുടെ ആധാരമെന്ത്?
2. ദൈവത്തെ സ്നേഹം എന്ന് വിശേഷിപ്പിച്ചതാര്?
3. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ട സഭാസമൂഹങ്ങളുടെ കൂട്ടായ്മ.
4. തൊഴിലാളികളുടെ മധ്യസ്ഥൻ
5. മറ്റുള്ളവരോട് തോന്നുന്ന നന്മയിലധിഷ്ഠിതമായ വികാരം.

ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **5×1=5**

6. വിവാഹത്തിന്റെ അത്യുൽകൃഷ്ട ഫലം?
(ദമ്പതികൾ, മക്കൾ, സമ്പത്ത്)
7. ഈശോയുടെ കല്പനയും അവിടുത്തെ ജീവിതശൈലിയും സ്വന്തമാക്കി ജീവിച്ചവർ?
(അപ്പസ്തോലന്മാർ, സന്യസ്തർ, വിശുദ്ധർ)
8. പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾദിനം
(സെപ്റ്റംബർ 8, ആഗസ്റ്റ് 15, മാർച്ച് 25)
9. ഈശോയുടെ ദൈവപുത്രത്വം അവിടുത്തെ മുൻപിൽതന്നെ പ്രഖ്യാപിച്ച അപ്പസ്തോലൻ
(വി. പത്രോസ്, വി. യോഹന്നാൻ, വി. തോമാശ്ലീഹ)
10. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ്
(ദൈവവിളി, വിശ്വാസം, ആരാധന)

വിട്ടുപോയത് പൂരിപ്പിക്കുക. **5×1=5**

11. ..... ആണ് നന്മയുടെ പൂർണ്ണത.
12. ക്രൈസ്തവ വ്യക്തിത്വം ..... ൽ അധിഷ്ഠിതമാണ്.
13. നമുക്ക് അനുകരിക്കാവുന്ന ഏറ്റവും നല്ല മാതൃകയും മധ്യസ്ഥയുമാണ് .....
14. ഈശോയുടെ ജീവിതത്തെപ്പറ്റി നാം പഠിക്കാൻ തുടങ്ങുന്ന വിദ്യാലയമാണ് .....
15. ക്രിസ്തീയ ജീവിതദർശനത്തിന്റെ അടിസ്ഥാനം ..... ആണ്.

ചേരുംപടി ചേർത്തെഴുതുക. **3×1=3**

16.	മാർത്തോമാ ക്രിസ്ത്യാനികൾ	-	12-ാം പീയൂസ് പാപ്പ
17.	മറിയത്തിന്റെ സ്വർഗ്ഗാരോപണം	-	തോമാശ്ലീഹ
18.	"എന്റെ കർത്താവേ, എന്റെ ദൈവമേ"	-	വി. തോമസ് അക്വീനാസ്
		-	നസ്രാണികൾ

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

19. വിശ്വസാഹോദര്യം എന്ന മനോഭാവത്തെ വിശദമാക്കുക.
20. ലൈംഗികതയുടെ രണ്ട് പ്രധാന ലക്ഷ്യങ്ങൾ ഏവ?
21. ക്രൈസ്തവ കുടുംബത്തിന്റെ 2 പ്രത്യേകതകൾ കുറിക്കുക.
22. എന്താണ് ദൈവവിളി?
23. വിശുദ്ധ ബൈബിൾ ദൈവനിവേശിതമെന്നതുകൊണ്ട് എന്തു മനസ്സിലാക്കുന്നു?

24. ഈശോയുടെ അനന്യ സവിശേഷതകൾ ഏവ?

25. തിരുസഭ പരിശുദ്ധ കന്യകയ്ക്ക് നൽകുന്ന രണ്ട് വിശേഷണങ്ങൾ?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **4×4=16**

26. പുരോഹിതന്റെ വിശുദ്ധീകരണ ദൗത്യത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

27. ദൈവാന്വേഷിയായ മനുഷ്യൻ കാലാന്തരങ്ങളായി ഉയർത്തുന്ന നാല് ദാർശനിക ചോദ്യങ്ങൾ എഴുതുക.

28. "വിവാഹം കഴിക്കാതേയും ജീവിച്ചുകൂടെ" എന്ന് ചോദിക്കുന്ന കൂട്ടുകാരന് / കൂട്ടുകാരിക്ക് നിങ്ങൾ നൽകുന്ന ഉത്തരം എന്തായിരിക്കും?

29. ഈശോ പിതാവിന്റെ കരുണയുടെ മുഖമാണ്. ഉദാഹരണങ്ങൾ നൽകി സമർത്ഥിക്കുക.

ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. **1×5=5**

30. നിങ്ങളുടെ ദൈവവിളി തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ

വിശദീകരിച്ച് ഉത്തരമെഴുതുക. **1×7=7**

31. നാം ക്രിസ്തീയ വ്യക്തിത്വത്തിൽ വളർന്നാൽ നമ്മുടേയും നാം ആശ്രയിക്കുന്ന സമൂഹത്തിന്റേയും നന്മ ഉറപ്പാക്കാനാകും. എങ്ങനെ?

പാർട്ട് 2

ഒറ്റവാക്കിൽ ഉത്തരമെഴുതുക. **6×1=6**

32. ജപമാലക്ക് രൂപംകൊടുത്ത പാപ്പ

33. ഏറ്റവും കൂടുതൽ കാലം സഭയെ നയിച്ച പാപ്പ

34. ദിവ്യകാരുണ്യത്തിന്റെ പാപ്പ എന്നറിയപ്പെടുന്ന മാർപാപ്പ

35. പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം സ്ഥാപിച്ച പാപ്പ

36. യുദ്ധകലയും നൃത്തവും സംഗീതവും സംയോജിപ്പിച്ച് മാർത്തോമാ ക്രിസ്ത്യാനികൾ രൂപപ്പെടുത്തിയ കലാരൂപം.

37. ഈശോയെ ദൈവപുത്രനും രക്ഷകനുമായി നാം ഏറ്റുപറയുന്ന വാക്യം

നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **2×4=8**

38. ലൈംഗീകതയുടെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും പ്രാമുഖ്യമുണ്ടോ? (യൂക്കാറ്റ് 401)

39. "സമുദായ ചിന്ത വർഗ്ഗീയതയല്ലേ?" സഭയും സമുദായവും തമ്മിലുള്ള വ്യത്യാസങ്ങൾ ചേർത്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

നമസ്കാരമെഴുതുക. **2×2=4**

40. ആധ്യാത്മികങ്ങളായ കാരുണ്യപ്രവർത്തികളിൽ 2 എണ്ണം എഴുതുക.

41. പ്രകാശത്തിന്റെ ദൈവരഹസ്യങ്ങളിൽ മൂന്നാമത്തേത് എഴുതുക.

വചനം പൂർത്തിയാക്കാം. **2**

42. "ജലത്താലും ..... ഒരുവനും ..... സാധ്യമല്ല." (യോഹ. 3:5)